കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.ടി.എം.പി9/2518/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/01/2023
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി9/2518/22 തീയ്യതി: 17/01/2023

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബീനകുമാരി. സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	07-12-2022	15-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-12-2022	15-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
റോസിലി ടോമിച്ചൻ	പ്രസിഡന്റ്	01-04-2021	31-03-2022
മനോജ് ചന്ദ്രൻ	സെക്രട്ടറി	01-04-2021	28-02-2022
രാജശ്രീ.റ്റി.ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-03-2022	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ജയകൃഷ്ണൻ.പി.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
പ്രദീപ്.പി.ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
അജിത്ത് ജേക്കബ്	അസിസ്റ്റന്റ് എൻജിനീയർ	01-04-2021	30-07-2021
അഹന മനോഹർ	അസിസ്റ്റന്റ് എൻജിനീയർ	01-08-2021	31-03-2022
റോസിലിൻ ജോസഫ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2021	31-03-2022
ബിന്ദുരാജ് .ആർ	വെറ്ററിനറി സർജൻ	01-04-2021	31-03-2022
അഞ്ജു ലക്ഷ്മി	കൃഷി ഓഫീസർ	01-04-2021	31-03-2022
പ്രീതി.സി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	31-03-2022
രാജശ്രീ റ്റി ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ശ്രീമോൾ എസ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2021	30-06-2021
ട്രീസ രമ്യ ഫ്രാൻസിസ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-07-2021	31-03-2022
ഇ കെ ഓമന	ഹെഡ്മിസ്ട്രസ്സ്	01-04-2021	31-05-2021
ധന്യമോൾ പി ജി	ഹെഡ്മിസ്ട്രസ്സ്	01-06-2021	26-10-2021
അജിത ആർ നായർ	ഹെഡ്മാസ്റ്റർ	27-10-2021	31-03-2022
രാജി എസ് മണി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	18-04-2021
രശ്മിമോൾ എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	19-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	വാർഷികപദ്ധതി അവലോകനം.	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	സാമൂഹ്യസുരക്ഷാ പദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	ബാങ്ക് റീകൺസിലേഷൻ പൂർത്തികരിച്ചിട്ടില്ല.	1-11
12	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-12
13	ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-13
14	വാടക -അപാകതകൾ	1-14
15	ബസ് സ്റ്റാൻഡ് ലേലം - അപാകതകൾ	1-15
16	ജീവനക്കാരുടെ ഡി.എ കുടിശ്ശിക കണക്കാക്കിയതിൽ അപാകത- അധികമായി വലിയ തുകകൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചു.	1-16
17	തുമ്പൂർമുഴി പ്രോജക്ട്- സ്ഥലം ക്ലിയർ ചെയ്യുന്നതിനുള്ള ചെലവ്- അപാകതകൾ	1-17
18	പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ	1-18
19	ഓഫീസിലേക്കും ടേക്ക് എ ബ്രേക്ക് ടോയ് ലെറ്റ് സമുച്ചയത്തിലേക്കും നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനിറേറ്ററും സ്ഥാപിക്കൽ -അപാകതകൾ	1-19
20	മാലിന്യ നിർമ്മാർജ്ജനം- തുമ്പൂർമുഴി സ്ഥാപിക്കുന്നതിന് കെട്ടിടനിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല	1-20
21	ഉത്തരവാദിത്ത ടൂറിസം -പ്രോജക്ട് നിർവ്വഹണത്തിനായി പ്രാഥമിക നടപടികൾ പോലും സ്വീകരിച്ചിട്ടില്ല	1-21
22	കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല- സ്യൂട്ട് രജിസ്റ്റർ കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതാണ്	1-22
23	ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല	1-23
24	പഞ്ചായത്ത് ഓഫീസിലേക്ക് ഇന്റർകോം സംവിധാനം- പ്രവർത്തനസജ്ജമാക്കേണ്ടതാണ്	1-24
25	മിയോവാക്കി വനം സ്ഥാപിക്കൽ-തുടർപരിപാലനം നടത്തേണ്ടതാണ്	1-25
26	പാലിയേറ്റ് കെയറിന് ഉപകരണങ്ങൾ വാങ്ങൽ-22098രൂപയുടെ ഉപകരണങ്ങൾ ലഭ്യമായില്ല	1-26
27	ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ- 3859രൂപയുടെ മരുന്ന് ലഭ്യമായില്ല	1-27
28	പഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ പൊതു ശൗചാലയം- അപാകതകൾ	1-28
29	സ്ത്രീ പദവി പഠനം- തുടർനടപടികൾ കൈക്കൊള്ളു ന്നതിൽ കാലതാമസം	1-29
30	വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- പൂർത്തീകരണ വിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു	1-30
31	പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല	1-31

32	ലൈഫ് ഭവന പദ്ധതി - വായ്പ / വായ്പാ തിരിച്ചടവ് - അക്കൗണ്ടിംഗ് അപാകതകൾ	1-32
33	അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 241114 രൂപ അവശേഷിക്കുന്നു	1-33
34	ഇ-ടെൻഡർ ഇനത്തിൽ നാളിതു വരെയുള്ള ടെൻഡർ ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല	1-34
35	കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.	1-35
36	മൽസ്യകൃഷി - ഇൻഷ്വർ ചെയ്യതിന്റെ രേഖകൾ ലഭ്യമായില്ല	1-36
37	എം ബുക്കുകളുടെ പരിപാലനത്തിലെ അപാകത	1-37
38	ആസ്തി പരിപാലനം	1-38
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ് (വായ്പ രജിസ്റ്റർ പ്രകാരം)	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ 1/1-നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള തുക, യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	52511675	8749218.94
വരവ്	200867621	79699180.00
ആകെ	253379296	88448398.94
ചെലവ്	248123902	70026409.00
നീക്കിയിരിപ്പ്	5255394	18421989.94

ബജറ്റ് പ്രകാരം 20.08കോടി രൂപയുടെ പ്രതീക്ഷിത വരവും 24.81കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 15.65കോടി രൂപയും ചെലവ്15.29കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 07.05.2022ലെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 87,49,218.94 രൂപയും തൻവർഷ വരവ് 79,699,180.00 രൂപയും തൻവർഷചെലവ് 70,026,409.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 18421989.94 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 156,526,341 രൂപയും ആകെ ചെലവ് 152,953,749 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3)B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. (ICDS-320100121 എന്ന ശീർഷം)

4) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) B -9 ഷെഡ്യൂളിൽ സർക്കാറിലേയക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

6) B-18 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7) I-18 പട്ടികയിലെ വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

8) ലൈഫ് ഭവനപദ്ധതി വായ്പ/വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട യഥാർത്ഥ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9)തൊഴിലില്ലായ്മ വേതനം ഇനത്തിൽ വിതരണം നടത്തിയ 37200/- രൂപ രസീപ്റ്റ് & പേയ്മെന്റ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) ബസ്സ്റ്റാൻഡ് ലേലമിനത്തിൽ 2020-21 വാർഷിക ധനകാര്യ പത്രിക ബി 15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 63650/- രൂപ 2021-22 വർഷത്തിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

11)വാടക ഡി സി ബി തയ്യാറാക്കിയിട്ടില്ല.വാടക രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	8749218.94
ഓഡിറ്റ് വർഷത്തെ വരവ്	79699180.00
ആകെ	88448398.94
ഓഡിറ്റ് വർഷത്തെ ചെലവ്	70026409.00
നീക്കിയിരിപ്പ്	18421989.94
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2258766

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	**ഒ.ബി**	**വരവ്**	**ആകെ**	**ചെലവ്**	**സഞ്ചിത നിധിയിലേക്ക് തിരികെ / നീക്കിയിരിപ്പ്**	ചെലവു ശതമാനം
വികസന ഫണ്ട്-ജനറൽ	0	22611000	22611000	19722155	2888845	87
വികസന ഫണ്ട്-എസ്.സി.പി	0	3597000	3597000	3420630	176370	95
വികസന ഫണ്ട്-ടി.എസ്.പി	0	--	--	---	------	
മെയിന്റനൻസ് ഗ്രാന്റ് റോഡ്	0	10954000	10954000	6390164	4563836	59
മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്	0	5748834	5748834	1345896	4402938	23
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്	0	5899153	5899153	2859938	3039215	49
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്ടൈഡ്	0	8285000	8285000	1079000	7206000	13
എസ് എസ് എ	16434	446 (പലിശ)	**16883**	---	**16883**	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ **ഐ.സി.ഡി.എസ്	868048	614309	1482957	900000	582957	
ശുചിത്വമിഷൻ ഗ്രാന്റ്	1637927	858263	**2496190**	1716526	779664	
ടോട്ടൽ സാനിട്ടേഷൻ	139048	160000	299048	299048	0	

1. സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./വാർഷിക കണക്ക് (RP-7) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
**മുൻവർഷങ്ങളിലെ കണക്കുകളിൽ കൃത്യത ഇല്ലാത്തതിനാൽ നീക്കിയിരുപ്പിലെ വ്യത്യാസം ഓഡിറ്റു വർഷവും നിലനിൽക്കുന്നു.
മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 01.02.2021 ൽ നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ-04.02.2021 മുതൽ 10.02.2021വരെ നടത്തിയിരുന്നു 18.03.2022ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ24.03.2022ലെ 8189/21/18/DCP/DPO/KTMനമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയ പ്രോജക്ടുകൾ	ആകെ അടങ്കൽ	ചെലവ്	ചെലവ് ശതമാനം
175	**131**	**96025480**	**47527440**	**51**

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയത്	വകയിരുത്തിയ തുക	ചെലവ്	ശതമാനം
കൃഷി ഓഫീസർ	7	7	6990250	3532404	51
വെറ്ററിനറി സർജൻ	7	7	1759800	931200	53
മെഡി.ഓഫീസർ, പി.എച്ച്.സി	3	2	1210532	773032	63
വി.ഇ.ഒ-1	19	18	20100700	15649200	78
ഐ.സി.ഡി.എസ് സൂപ്പർവൈസർ.	8	8	8636485	4473354	52
സെക്രട്ടറി	40	31	18236498	7169533	40
സബ് ഇൻസ് പെക്ടർ ഫിഷറീസ്	3	1	785666	98320	13
അസി.എൻജിനീയർ	74	43	35615961	12310999	35
ക്ഷീരവികസന ഓഫീസർ	2	2	500000	500000	100
അസി.സെക്രട്ടറി	11	11	2139588	2039588	95
ഹെഡ്മാസ്റ്റർ	1	1	50000	49810	98
ആകെ	**175**	**131**	**96025480**	**47527440**	**51**

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല

എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 737 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച പദ്ധതികളിൽ 203 എണ്ണം പൂർത്തീകരിച്ചു. 2021-22 വർഷം 16 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 67003 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2021-22 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 70 ആണ്. 957 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പാടശേഖരങ്ങളുടെ വാച്ചാൽ ആഴം കൂട്ടൽ, അസോള ടാങ്ക് നിർമ്മാണം,ആട്ടിൻകൂട് നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്കു പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	45608	693813	739421	737041.75	2379.25
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	23880225	23880225	23880225	0
ആകെ	45608	24574038	24619646	24617266.75	2379.25

1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	37,200	15
കർഷകതൊഴിലാളി പെൻഷൻ	16236900	957
വിധവാപെൻഷൻ	9687400	605
വാർദ്ധക്യകാല പെൻഷൻ	27922400	1825
വികലാംഗ പെൻഷൻ	3890200	239
50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ	430200	28
വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം	120000/-	4

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 07/12/2022 തീയതിയിൽ 03:15 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 15,838/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്.

1) **പൊതുനിയന്ത്രണം**

ഗ്രാമ പഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളുലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) **അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം ഓഡിറ്റ് വർഷം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലം ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) **ക്യാഷ്, ബാങ്ക് നിയന്ത്രണം**

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതില്ല. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ അപാകതകൾ നിലനിൽക്കുന്നു.

4) **നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ വസ്തുനികുതി വാടക (OB), ലേലം, ലൈസൻസ് എന്നീ ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) **വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം**

പ്രൊക്യുർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) **പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) **രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) **ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) **ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.07.2022	01/22-03/22	20.07.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26.05.2014	2009-10 മുതൽ 2013-14 വരെ	LBA(HG)-11/8A-2168/169 DT 24.07.2017

1-11 ബാങ്ക് റീകൺസിലേഷൻ പൂർത്തികരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൌണ്ടുകളുടെ 04/2022 മുതൽ 11/2022 വരെയുള്ള റീകൺസിലേഷൻ പൂർത്തിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (30/14.12.2022) ലഭ്യമാക്കിയ മറുപടിയിൽ 01.04.2022 മുതൽ പഞ്ചായത്തിൽ ഐ എൽ ജി എം എസ് സംവിധാനം നിലവിൽ വന്നതിനാൽ മുന്നിരിപ്പ് തുകകൾ ക്യാരി ഓവർ ചെയ്യുന്നതിൽ കാലതാമസം ഉണ്ടായതായും റീകൺസിലേഷൻ നടപടികൾ നിലവിൽ പൂർത്തീകരിച്ച് വരുന്നതായും അറിയിച്ചു.നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം	അടക്കാത്ത അർദ്ധ വർഷം
1	ഷെഫ് & സ്പൈസ് ബേക്കേർസ് റെസ്റ്റോറന്റ് ,മുടിയൂർക്കര	6	1,2
2	ഇടച്ചേത്ര ഫാമിലി റെസ്റ്റോറന്റ് ,ഗാന്ധിനഗർ	5	1,2
3	ഷാലിമാർ വുഡ് ഇൻഡസ്ട്രീസ് ആർപ്പൂക്കര	4	1,2
4	സെന്റ് ജോർജ് റബേഴ്സ് ,കരിപ്പൂത്തട്ട്	5	1,2
5	കോട്ടാടിയിൽ ഫ്യൂവൽസ് കൈപ്പുഴമുട്ട്	5	1,2
6	ചാവറ ഡിസ്ട്രിബ്യൂട്ടേർസ് & മാർക്കറ്റിംഗ് വില്ലൂന്നി	4	1,2

7	പ്യൂവർ ലൈഫ് ഫുഡ് & ബിവറേജസ് കമ്പനി പനമ്പാലം	7	1,2
8	സ്റ്റൈൻ ഫുഡ് പ്രോഡക്ട്സ് ആർപ്പൂക്കര	5	1,2
9	പോൾസൺ ഫ്യുവൽസ് ആർപ്പൂക്കര	5	1,2
10	മെഡിഫാം പനമ്പാലം	3	1,2
11	ലൈഫ് സ്കാൻ ഗാന്ധിനഗർ	10	1,2
12	ട്രിനിറ്റി ആയുർവേദ ആശുപത്രി പനമ്പാലം	3	1,2
13	അക്ഷയ കേന്ദ്രം		1,2

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35 /15.12.22) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളിൽ ഉൾപ്പെടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	വ്യക്തിയുടെ പേര്
1	9/460	കെ ജെ മാത്യു കലയത്തിങ്കൽ
2	9/468	വി ജെ ആന്റണി,വല്യപീടിക
3	9/469	സെബാസ്റ്റ്യൻ ടി വി ,തോപ്പിൽ
4	9/467	ഡോ.ബാബു ചാക്കോ,മങ്ങാട്ട്
5	9/416	രാജേഷ് പി എസ്,പുത്തൻപറമ്പിൽ
6	9/572	അജി ചെറിയാൻ,അഞ്ചേരി വലിയവീട്ടിൽ
7	9/576	കുഞ്ഞമ്മ വർഗ്ഗീസ്,മുരുക്കുംമൂട്ടിൽ
8	9/580	രേവമ്മ സുകുമാരൻ,പുന്നമറ്റത്തിൽ
9	9/406 D1 D2	റെൻസി സുനിൽ,സുനിൽഭവൻ
10	13/406 D3	കെ എൻ കരുണാകരൻ,പനതറ
11	13/406 F2	ഓമന ഷാജി,പനതറ

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2021-22 വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങളൊന്നും ലൈസൻസ് എടുത്തതായി കാണുന്നില്ല.വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/11.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള ലൈസൻസോട് കൂടിയാണ് പ്രവൃത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-14 വാടക -അപാകതകൾ

1)വാടക പിരിവ് പൂർണ്ണമല്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 2021-22 വർഷത്തിൽ വാടകകുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	കെട്ടിടം	വ്യക്തിയുടെ സ്ഥാപനത്തിന്റെ പേര്	മാസവാടക	വാടക ലഭിക്കാത്ത കാലയളവ്	ആകെ ലഭിക്കാനുള്ള തുക (ജി എസ് റ്റി ഉൾപ്പെടെ)
1	തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സ് 13/406 E1,E2,E3	അനൂപ് പി വി	7140/-	04/21 - 03/22	101,088/-
2	തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സ് 13/406 S2	സോബിൻ ടി തോമസ്.തെക്കേടത്ത്	2205/-	04/21 - 03/22	31,164/-
3	തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സ് 13/406 H2	ബിബിൻ മാത്യു,വെള്ളാപ്പള്ളി	1260/-	04/21 - 03/22	2729/-
4	തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സ് 13/406 S1	ജയമോൾ ഷാജി	2310/-	12/2021 - 03/2022	10904/-
5	തൊണ്ണംകുഴി ഷോപ്പിംഗ് കോംപ്ലക്സ് 13/406 J	അമ്മ കുംടുബശ്രീ യൂണിറ്റ്	01/22 - 03/22	1575/-	5577/-
		ആകെ			151,462

വാടകയുടെ ഡി സി ബി തയ്യാറാക്കിയിട്ടില്ല.വാർഷിക ധനകാര്യപത്രിക പ്രകാരം 130791/- രൂപയാണ് തൻവർഷ കുടിശ്ശിക കാണുന്നത്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. വാടക കുടിശ്ശിക സംബന്ധിക്കുന്ന അവ്യക്തത പരിഹരിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/11.12.2022) മറുപടി ലഭ്യമാക്കിയില്ല. വാടക എഗ്രിമെന്റ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ വാടക രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

2) വൻതുക മുൻവർഷ കുടിശ്ശിക നിലനിൽക്കുന്നു.

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം 2368080/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/11.12.2022) ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതായും കുടിശ്ശിക വരുത്തിയ വ്യക്തികളുടെ വിലാസം ലഭ്യമല്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചതായും മറുപടി നൽകി. റവന്യൂ റിക്കവറി നടപടികൾ പൂർത്തികരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3)ബൈലോ തയ്യാറാക്കിയിട്ടില്ല.

കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടുന്ന നഗരസ്വഭാവുമുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നതും കോട്ടയം നഗരസഭയുമായി അതിർത്തി പങ്കിടുന്നതുമായ പഞ്ചായത്താണ് ആർപ്പൂക്കര. 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം 6984348/- രൂപയാണ് വാടക ഡിമാൻഡ്. നിലവിൽ പുതിയ ഷോപ്പിംഗ് കോപ്ലംക്സ് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ ബസ്സ്റ്റാൻഡും പഞ്ചായാത്തിന് ആസ്ഥിയായി ഉണ്ട്. എന്നാൽ വാടക സംബന്ധിച്ച് ബൈലോ നിലവിലുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/11.12.2022) മറുപടി ലഭ്യമാക്കിയില്ല. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 ബസ് സ്റ്റാൻഡ് ലേലം - അപാകതകൾ

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ബസ് സ്റ്റാൻഡ് ലേലം ഇനത്തിൽ വരവുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/11.12.2022) ലഭ്യമാക്കിയ മറുപടിയിൽ 2021-22 ബസ്സ്റ്റാൻഡ് പിരിവ് അവകാശം 53000/- രൂപയ്ക്ക് 15.02.2021 ൽ ശ്രീ ജി രാജേഷ്കുമാർ എന്ന വ്യക്തിക്ക് നൽകിയതായും തുക 31.03.2021 ലെ 120420110582 രസീത് പ്രകാരം ലേലം കൊണ്ടയാൾ അടവാക്കിയെങ്കിലും അക്കൗണ്ടിംഗ് അപാകത മൂലം വാർഷിക കണക്കിൽ തുക പ്രതിഫലിക്കാത്തണെന്നും അറിയിച്ചു. ലേലം സംബന്ധിച്ച ലേല ഡയറി, ലേലം നോട്ടീസ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എന്നാൽ 2020-21 വാർഷിക ധനകാര്യ പത്രികയിൽ മേൽ വരവ് ബസ്സ്റ്റാൻഡ് രസീപ്റ്റ്സ് ശീർഷകത്തിൽ അക്കൌണ്ട് ചെയ്യതായി കാണുന്നില്ല. കൂടാതെ 2020-21 വാർഷിക ധനകാര്യ പത്രികയിൽ Receivables Towards Bus Stand Receipts (Arrears) എന്ന ശീർഷകത്തിൽ 63650/- രൂപ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റ വിശദാംശങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിംഗ് അപാകതകൾ പരിഹരിക്കേണ്ടതും ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-16 ജീവനക്കാരുടെ ഡി.എ കുടിശ്ശിക കണക്കാക്കിയതിൽ അപാകത-അധികമായി വലിയ തുകകൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചു.

ജി.ഒ (പി)27/2021/ധന./10.02.2021 പ്രകാരം 2019 ലെ ശമ്പള പരിഷ്ക്കരണത്തിന്റെ 01.01.20 മുതൽ 30.06.20 വരെയുള്ള 4%, 01.07.2020 മുതൽ 28.02.2021 വരെയുള്ള 7% എന്നീ ഡി.എ കുടിശ്ശിക തുകകൾ (01.07.19 മുതൽ 31.12.19വരെ D.A 0% ആണ്) താഴെ പറയും പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം.	തുക	റിമാർക്ക്സ്
1	22100108/03.05.21	375975	കെ.പി.ഇ.പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചത് (13 ജീവനക്കാരുടേത്)
2	22100109/03.05.21	99645	ജി.പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചത്(3 ജീവനക്കാരുടേത്)
3	22100176/ 17.05.21	61320	കെ.പി.ഇ.പി.എഫ് അക്കൗണ്ടിൽ ലയിപ്പിച്ചത് (സെക്രട്ടറിയുടേത്)
	ആകെ	536940	

ജി.ഒ (പി)25/2021/ധന./08.02.2021 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ പഴയ ശമ്പള സ്കെയിലിലെ (Pre Revised Scale) 01.01.2019 മുതൽ 28.02.2021 വരെയുള്ള ഡി.എ കുടിശ്ശിക തുകകൾ (20% To 23% W.E.F 01.01.2019 , 28% W.E.F 01.07.2019, 32% W.E.F 01.01.2020, 36% W.E.F 01.07.2020) 2021 ഏപ്രിൽ മാസത്തിൽ പി.എഫിൽ ലയിപ്പിച്ചിരുന്നു. എന്നാൽ അതിന് ശേഷം മേൽ

വൗച്ചറുകൾ പ്രകാരം നൽകിയിട്ടുള്ള പുതിയ ശമ്പള സ്കെയിലിലെ 01.01.2020 മുതലുള്ള 4% ഡി.എ കുടിശ്ശിക ,01.07.2020 മുതലുള്ള 7% കുടിശ്ശിക എന്നിവ താഴെ പറയും പ്രകാരമാണ് കണക്കാക്കിയിട്ടുള്ളതെന്ന് കാണുന്നു(2020 ജനുവരിയിൽ പുതിയ ശമ്പളത്തിൽ 51400 രൂപ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരന്റേത് ഉദാഹരണമായി എടുത്തത്)

Month	Revised DA Due			Revised DA Drawn			DA Balance
	Pay	DA Due(4%)	Total	Pay	DA Drawn(0%)	Total	
ജനുവരി 2020 മുതൽ	51400	2056(4%)	53456	51400	0	51400	2056
ജൂലൈ 2020 മുതൽ	55200	3864(7%)	59064	55200	0	55200	3864

ഇപ്രകാരം പുതിയ Pay+D.A Due ആയും യഥാർത്ഥത്തിൽ Drawn ചെയ്യാത്ത Pay തുക Drawn ആയും കാണിച്ച് ഡി.എ കുടിശ്ശിക കണക്കാക്കിയത് ക്രമ പ്രകാരമല്ല. ഇത്തരത്തിൽ തെറ്റായ രീതിയിൽ കുടിശ്ശിക കണക്കാക്കിയപ്പോൾ ജി.ഒ (പി)27/2021/ധന./10.02.2021 പ്രകാരം 4 തവണകളായി 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിൽ പി.എഫ് അക്കൗണ്ടിൽ ലയിപ്പിക്കേണ്ടിയിരുന്ന ശമ്പള പരിഷ്ക്കരണ കുടിശ്ശിക തുകയുടെ ഒരു വലിയ ഭാഗം കൂടി മുൻകൂറായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടുകളിലേക്ക് ലഭിച്ചിട്ടുള്ളതായും പ്രസ്തുത തുകയ്ക്ക് കൂടി പലിശ ലഭിച്ചുകൊണ്ടിരിക്കുന്നസാഹചര്യവുമാണ് നിലവിലുള്ളത്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്ന വിധത്തിലും ജീവനക്കാർക്ക് അർഹതപ്പെട്ടതിലും അധികം തുക മുൻകൂറായി ലഭിക്കുന്ന വിധത്തിലും ഇത്തരത്തിൽ തെറ്റായ രീതിയിൽ ഡി.എ.കുടിശ്ശിക കണക്കാക്കി പി. എഫ് അക്കൗണ്ടിൽ ലയിപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/13.12.22) ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള ക്ഷാമബത്ത കുടിശ്ശിക കൂടുതലായി കണക്കാക്കിയതായി മനസ്സിലാക്കുവാൻ സാധിക്കുന്നുവെന്നും അധികമായുള്ള അടവ് 01.04.2023 മുതൽ 4 ഗഡുക്കളായി കൊടുക്കേണ്ടി വരുന്ന തുകകളിൽ കുറവ് വരുത്തിക്കൊണ്ട് ക്രമപ്പെടുത്തുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക ഒഴിവാക്കി ഡി എ കുടിശ്ശിക മാത്രം ക്രഡിറ്റ് ചെയ്യുന്നത് സാധ്യമല്ലാത്തതിനാൽ (നെഗറ്റീവ് ബാലൻസ് വരുന്നതിനാൽ) ടി വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് 04.01.2023 ലെ കെഎസ്എകെടിഎംപി1/29/2023 പ്രകാരം ഈ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുള്ളതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1-17 തുമ്പൂർമുഴി പ്രോജക്ട്- സ്ഥലം ക്ലിയർ ചെയ്യുന്നതിനുള്ള ചെലവ്- അപാകതകൾ

തുമ്പൂർമുഴി മോഡൽ ജൈവമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ വെട്ടി മാറ്റിയതിനും ജെ.സി.ബി ഉപയോഗിച്ച് സ്ഥലം വൃത്തിയാക്കിയതിനും ശ്രീ.സെബാസ്റ്റ്യൻ.സി.വി, ചാമക്കാലായിൽ എന്ന വ്യക്തിയ്ക്ക് 15000/- രൂപ നൽകിയിട്ടുണ്ട് (വൗച്ചർ നം.22100525/02.09.21). ഇത് സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/13.12.22) മറുപടി ലഭ്യമാക്കിയില്ല.

1. വെട്ടി മാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ
2. ജെ.സി.ബി ഉപയോഗിച്ച് സ്ഥലം വൃത്തിയാക്കിയതിന് എ.ഇ യുടെ വാല്യുവേഷൻ ലഭ്യമാക്കേണ്ടതാണെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വാല്യുവേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/13.12.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 15000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച വിവരങ്ങളും ജെ.സി.ബി ഉപയോഗിച്ച് സ്ഥലം വൃത്തിയാക്കിയതിന് എ.ഇ യുടെ

വാല്യുവേഷൻ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട്	12/22
അടങ്കൽ	300000
ചെലവ്	294996
ബിൽ നമ്പർ	ബിൽ നമ്പർ 231/15/01/22

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ A3 ഹൈസ്പീഡ് സ്കാനർ എ4നെറ്റ് വർക്ക് പ്രിന്റർ/ ഫോട്ടോക്കോപ്പിയർ മോണിറ്റർ കീ ബോർഡ് എന്നിവ വാങ്ങുന്നതിന് മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകിയിട്ടുണ്ട്

പ്രൊഫോമ ഇൻവോയ്സ്	തുക	വിവരണം
TVM/ITBG/P1/RC/33204/20-21/31.12.21	96949	A3 ഹൈസ്പീഡ് സ്കാനർ ഒരെണ്ണം
TVM/ITBG/P1/RC/33205/20-21/18.02.2022	159188	Desktop 4 എണ്ണം
TVM/ITBG/P1/RC/33206/20-21/31.12.21	38859	A4 Monochrome Network Laser Printer 3 എണ്ണം

ഹൈസ്പീഡ് സ്കാനറും ഡെസ്ക് ടോപ്പുകളും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഡെസ്ക് ടോപ്പുകൾ ലെനോവ ഇന്ത്യയിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. ലെനോവ ഇന്ത്യയുടെ പർച്ചേസ് ബിൽ പ്രകാരം (PYSI22006343/27.04.22) 153064/- രൂപയാണ് നാല് ഡെസ്ക് ടോപ്പുകളുടെ വില. അധികം നൽകിയ 6124രൂപ തിരികെ ലഭിച്ചിട്ടില്ല. ലേസർ പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി അന്വേഷണക്കുറിപ്പ് (13/12.12.2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തുക ലഭിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും കാനൺ കമ്പിനിയിൽ നിന്ന് എത്തുന്ന എ4 മോണോക്രോം ലേസർ പ്രിന്ററുകളുടെ എണ്ണത്തിലെ കുറവ് മൂലമാണ് ലഭിക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കി. പ്രിന്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രിന്റർ വാങ്ങുന്നതിന് മുൻകൂറായി നൽകിയ 38859/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ഓഫീസിലേക്കും ടേക്ക് എ ബ്രേക്ക് ടോയ് ലെറ്റ് സമുച്ചയത്തിലേക്കും നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനിറേറ്ററും സ്ഥാപിക്കൽ -അപാകതകൾ

പ്രോജക്ട്	188/22
ഫണ്ടിനം	വികസനഫണ്ട്
ചെലവ്	95204
ബിൽ നമ്പർ	390/23-03-2022
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം ഗ്രീൻ ഓക്കി ഗാർഡ് എന്ന സ്ഥാപനത്തിൽ നിന്നും ഓഫീസിലേക്കും ടേക്ക് എ ബ്രേക്ക് ടോയ്ലെറ്റ് സമുച്ചയത്തിലേക്കും സ്ഥാപിക്കുന്നതിന് 2 നാപ്കിൻ വെൻഡിങ്ങ് മെഷീനും 2 ഇൻസിനിറേറ്ററും വാങ്ങിയിട്ടുണ്ട്. ഒരെണ്ണം ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട് . ടേക്ക് എ ബ്രേക്ക് ടോയ്ലെറ്റ് സമുച്ചയത്തിന്റെ സിവിൽ വർക്കുകൾ മാത്രമാണ് നടന്നിട്ടുള്ളത്. ആയതിനാൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടോയ്ലെറ്റ് സമുച്ചയത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തി തൻവർഷം പ്രോജക്ട് ആവിഷ്കരിച്ചിരുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ ഉപകരണങ്ങൾ വാങ്ങിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ

അന്വേഷണക്കുറിപ്പിന് (നമ്പർ 24/13.12.2022) ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് ടൈൽസ് പണിവരെ മാത്രമാണ് പൂർത്തിയായതെന്നും ടേക്ക് എ ബ്രേക്കിൽ വെൻഡിംഗ് മെഷീനും ഇൻസിനിറേറ്ററും സ്ഥാപിക്കണമെന്ന് ശുചിത്വമിഷനിൽ നിന്ന് അടിയന്തിര നിർദ്ദേശം ഉണ്ടായതിനാലാണ് മെഷീനുകൾ വാങ്ങിയതെന്നും ടേക്ക് എ ബ്രേക്ക് അടിയന്തിരമായി പൂർത്തിയാക്കി മെഷീൻ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പണിപൂർത്തിയാക്കുന്നതിനു വളരെമുമ്പേ ഉപകരണങ്ങൾ വാങ്ങി വെച്ചതു കാരണം വാറണ്ടി ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരുന്നു. പണി പൂർത്തിയാക്കുന്നതിന് മുമ്പ് ടേക്ക് എ ബ്രേക്കിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ മെഷീന്റെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടെ 47602/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-20 മാലിന്യ നിർമ്മാർജ്ജനം- തുമ്പൂർമുഴി സ്ഥാപിക്കുന്നതിന് കെട്ടിടനിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല</u>.

നിർവ്വഹണോദ്യാഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ	162/22
അടങ്കൽ	611989 ശുചിത്വമിഷൻ ഫണ്ട് 9000 തനത് ഫണ്ട് ------ 701989
ചെലവ്	611989 ശുചിത്വമിഷൻ ഫണ്ട് 7576 തനത് ഫണ്ട് ----- 619565
ചെക്ക് നമ്പർ	692873/12/10/21

മാലിന്യ നിർമ്മാർജ്ജനത്തിനായി തുമ്പൂർമുഴി സ്ഥാപിക്കുന്നതിന് ചൂരക്കാവ് ഇൻഡസ്ട്രിയൽ കോമ്പൗണ്ടിൽ കെട്ടിടനിർമ്മാണത്തിന് 2018-19വർഷം 348/19 ആയി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട് . കെട്ടിടം നിർമ്മിക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം 619565 രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ മാത്രമാണ് ടി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുമ്പൂർമുഴി മോഡൽ ബിൻ സ്ഥാപിക്കുന്നതിനുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിൽ ഹരിത കർമ്മസേന ശേഖരിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. കെട്ടിടം നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കുന്നില്ല.

<u>പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല- നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല</u>

2/11/2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 1/04/20 ആണ്. അളവുപുസ്തകം പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 23/07/21ആണ്. (അളവ് പുസ്തകം63/2021)

ജിഒ(പി)13/PWD/ 1-2-2012 , 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25%, കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

തുമ്പൂർമുഴി മോഡൽ മാലിന്യ നിർമ്മാർജ്ജനത്തിന് എല്ലാ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനും നിശ്ചിത നിരക്കിൽ പിഴ ഈടാക്കത്തതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/13.12.2022) മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിന് ചെലവഴിച്ച 619565 രൂപ തടസ്സപ്പെടുത്തുന്നു.

1-21 ഉത്തരവാദിത്ത ടൂറിസം -പ്രോജക്ട് നിർവ്വഹണത്തിനായി പ്രാഥമിക നടപടികൾ പോലും സ്വീകരിച്ചിട്ടില്ല.

ടൂറിസത്തിന്റ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്വ ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. ഇന്ത്യയിൽ ഈ ആശയം ആദ്യം ഉൾക്കൊണ്ട് പ്രാവർത്തികമാക്കിയ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിജയകരമാക്കിയ ഇന്ത്യയിലെ പ്രഥമ ടൂറിസം കേന്ദ്രമെന്ന ബഹുമതി കുമരകത്തിനാണ്. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്രസമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഏറ്റവും ശ്രദ്ധേയമായ വസ്തുത ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തി എന്നതാണ്. കുമരകത്തിന്റെ വിജയ മാതൃക പിൻതുടർന്നുകൊണ്ട് കേരളത്തിലെ ഇതര ടൂറിസം കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം നടപ്പാക്കി വരികയാണ്. ആർപ്പൂക്കര പഞ്ചായത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കുമരകത്തോളം തന്നെ സാധ്യതയുള്ള പഞ്ചായത്താണ്.

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഏതാനും ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

. തരിശ്ശു നിലത്ത് കൃഷിയിറക്കി കാർഷിക ഉൽപാദനം വർദ്ധിപ്പിയ്ക്കുക
. മീൻ വളർത്തലും താമര വളർത്തലും
. ഹോട്ടൽ വ്യവസായവുമായുള്ള ബന്ധത്തിലൂടെ തദ്ദേശ ഉൽപന്നങ്ങളുടെ വിപണനം.
. സുവനിർ വ്യവസായം വികസനം
. സമൂഹവുമായി ബന്ധപ്പെട്ട ടൂറിസം ഉൽപന്നങ്ങൾ
. പ്രാദേശിക കലാരൂപങ്ങളുടെയും സംസ്കാരത്തിന്റെയും പ്രചാരണം
. സാംസ്കാരിക ടൂറിസം, പ്രാദേശിക വിഭവങ്ങൾ എന്നിവയുടെ പ്രചാരണം.
. സാമൂഹ്യ ബോധവൽക്കരണം. പരിസ്ഥിതി സംരക്ഷണം.
. ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികൾ
. സമഗ്ര വിഭവ ഭൂപട നിർമ്മാണം.
. ലേബർ ഡയറക്ടറി.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 500,000 രൂപ (പ്രോജക്ട് നം.97/19)ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയെങ്കിലും പ്രാഥമിക നടപടികൾ പോലും ആരംഭിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് ചർച്ചകളും യോഗങ്ങളും സംഘടിപ്പിച്ചതിനും (ഭക്ഷണചെലവ്) നോട്ടീസ് അച്ചടിച്ചതിനും 20,000 രൂപയോളം തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തുടർവർഷങ്ങളിൽ കോവിഡ് കാരണം പ്രോജക്ട് നിർവ്വഹണം സാദ്ധ്യമായില്ല. ഓഡിറ്റു വർഷം പഞ്ചായത്തിന്റെ വികസന രേഖയിൽ ഉത്തരവാദിത്ത ടൂറിസം -പ്രോജക്ട് സംബന്ധിച്ച് വൻപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രാഥമിക നടപടികൾ പോലും സ്വീകരിച്ചിട്ടില്ല

ടൂറിസം മേഖലയിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ഒരു ശിൽപ്പശാല നടത്തി എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും പൊതുസമ്മതത്തോടുകൂടി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുക എന്നതായിരിക്കണം ഇതിന്റെ ലക്ഷ്യം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗവൺമെന്റ്, ടൂറിസം വ്യവസായം, പൗരസമൂഹം, മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം പ്രതിനിധികളെ പങ്കെടുപ്പിച്ച് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക വശങ്ങൾ ചർച്ച ചെയ്ത് ഈ പ്രദേശത്തിനു വേണ്ടി ഒരു കർമ്മ പദ്ധതി ആവിഷ്കരിയ്ക്കാവുന്നതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-22 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല- സ്യൂട്ട് രജിസ്റ്റർ കാലികമായും കൃത്യമായും എഴുതി

സൂക്ഷിക്കേണ്ടതാണ്

സ്യൂട്ട് രജിസ്റ്റർ പ്രകാരം2018-19 മുതൽ ഇരുപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന വസ്തുതഎല്ലാ കേസുകളിലും വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം കൺസൾട്ടൻസി ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെയും (16000 രൂപ ഓഡിറ്റുവർഷം ചെലവഴിച്ചത്), ലീഗൽ എക്സ്പെൻസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെയും കൃത്യതയും (105000/-രൂപ ഓഡിറ്റുവർഷം ചെലവഴിച്ചത്) വ്യക്തമല്ല.

ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട് നടത്തിയ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു കൂടാതെ നിലവിൽ വിചാരണ പൂർത്തീകരിയ്ക്കാത്ത കേസുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

1-23 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല

പ്രോജക്റ്റ് നം.	181/22
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ
ചെലവ്	420012/- രൂപ, (340000/-രൂപ ചെക്ക് നം.188283/20.07.2021 80012/- രൂപ ചെക്ക് നം.188279/06.07.2021)

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21 വർഷം 2700000 രൂപ (ശുചിത്വ മിഷൻ ഫണ്ട്) അടങ്കലിൽ പ്രോജക്റ്റ് തയ്യാറാക്കി.(358/21) ആർപ്പൂക്കര മെഡിക്കൽ കോളേജ് സ്റ്റാൻഡിൽ പ്രീമിയം ലെവലിലും എസ് എം ഇ ജംഗ്ഷനു സമീപം ബേസ് ലവലിലുള്ള ടോയ് ലെറ്റ് കോംപ്ലക്സുകളുടെ ഓരോ യൂണിറ്റുകൾ പണിയുന്നതിനായാണ് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും 2021- 22 വർഷം പ്രോജക്റ്റ് പൂർത്തിയായില്ല. മെഡിക്കൽ കോളേജ് സ്റ്റാൻഡിൽ ഒരു യൂണിറ്റ് നിർമ്മിച്ചതിന് കരാറുകാരന് ഭാഗിക തുക നൽകിയിട്ടുണ്ട്. 22/02/2021 ൽ കരാറിൽ ഏർപ്പെട്ട ടി പ്രോജക്റ്റിന്റെ പൂർത്തീകരണ കാലയളവ് 21/02/22ൽ അവസാനിച്ചു. കാലവധി പുതുക്കി നൽകിയിട്ടില്ല. നാളിതു വരെ പ്രോജക്റ്റ് പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.28/14.12.2022) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷന് ആവശ്യമുള്ള ഇനങ്ങൾ, ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ജി.ഒ(എംഎസ്) 362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ

ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. തുടർനടപടികൾ സ്വീകരിച്ച് ടോയ്ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്. ടോയ്ലെറ്റ് നിർമ്മാണം പൂർത്തീയാക്കുന്നതുവരെ തൻവർഷം ചെലവഴിച്ച 420012/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 പഞ്ചായത്ത് ഓഫീസിലേക്ക് ഇന്റർകോം സംവിധാനം-പ്രവർത്തനസജ്ജമാക്കേണ്ടതാണ്

പ്രോജക്റ്റ് നം.	5/22
അടങ്കൽ	30000/- രൂപ
ചെലവ്	30000/- രൂപ
ബിൽ നമ്പർ	88/15.09.21

പഞ്ചായത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് ഇന്റർകോം സംവിധാനം ഏർപ്പെടുത്തുക, ജോലി സംബന്ധമായ ആശയവിനിമയം വേഗത്തിലാക്കുക എന്നിവയ്ക്കായി തയ്യാറാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം ഇൻമാക്സ് ടെക്കനോളജീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും Epabx സിസ്റ്റവും ടെലിഫോണും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സിസ്റ്റം പ്രവർത്തിക്കുന്നില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നം.14/12.12.2022) മറുപടി ലഭ്യമാക്കിയില്ല. ഇന്റർകോം സംവിധാനം പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തനസജ്ജമാക്കുന്നതുവരെ ചെലവഴിച്ച 30000/- രൂപ തടസ്സപ്പെടുത്തുന്നു.

1-25 മിയോവാക്കി വനം സ്ഥാപിക്കൽ-തുടർപരിപാലനം നടത്തേണ്ടതാണ്

പ്രോജക്റ്റ്	188/22
ചെലവ്	95204
ഫണ്ടിനം	വികസനഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ജനകീയാസൂത്രണം രജതജൂബിലി ഒരുവർഷം നീണ്ട ആഘോഷങ്ങളുടെ ഭാഗമായി മിയോവാക്കി വനങ്ങൾ സ്ഥാപിക്കുന്നതിന് VFPCKയിൽ നിന്ന് കാഷ്യു കുടമ്പുളി, റമ്പൂട്ടാൻ തുടങ്ങിയ തൈകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ തൈകൾ രണ്ടാം വാർഡിലെ വാവക്കാട്, മൂന്നാം വാർഡിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലാണ് നട്ടിട്ടുള്ളത്. തുടർ പരിപാലനം നടത്തുന്നതിന്റെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (25/13-02-2022) ലഭ്യമാക്കിയ മറുപടിയിൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും തൊഴിലുറപ്പ് പദ്ധതി വഴി പരിപാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രാദേശികപരിശോധനയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രദേശത്ത് നട്ടിട്ടുള്ള തൈകൾ വാടിയ നിലയിലാണ്. തുടർ പരിപാലനം നടത്തി പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 പാലിയേറ്റ് കെയറിന് ഉപകരണങ്ങൾ വാങ്ങൽ-22098രൂപയുടെ ഉപകരണങ്ങൾ ലഭ്യമായില്ല

പ്രോജക്റ്റ്	61/22
ചെലവ്	643626/-
ഫണ്ടിനം	വികസന ഫണ്ട്(പൊതുവിഭാഗം)
ബിൽ നം. 12/28.05.2021	39355
31/22.06.2021	8995/-
17/02.06.2021	42605/-
55/03.08.2021	43055/-

36/02.07.2021	44230/-
78/04.09.2021	46480/-
117/05.10.2021	45430/-
148/02.11.2021	44980/-
174/03.12.2021	57405/-
259/07.02.2022	42755/-
366/19.03.2022	38180/-
295/23.02.2022	22000/-
342/15.03.2022	41055/-
209/04.01.2022	44305/-
253/31.01.2022	82796/-
നിർവ്വഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

പാലിയേറ്റ് കെയറിന് ഉപകരണങ്ങൾ വാങ്ങു ന്നതിനായി മേൽ ബിൽ പ്രകാരം 643626/- രൂപ മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 22098രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/12.12.22) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്ന മറുപടി നൽകി. ലഭിക്കാത്ത ഉപകരണങ്ങളുടെ വിലയായ 22098/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭ്യത വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>1-27 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ- 3859രൂപയുടെ മരുന്ന് ലഭ്യമായില്ല</u>

പ്രോജക്റ്റ്	17/22
ചെലവ്	1000000
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
ബിൽ നം.	ബിൽ നമ്പർ 233/18/01/22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ആയുർവേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം 1000000രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. 996141രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് വിവിധ തീയതികളിലായി നാളിതുവരെ ലഭിച്ചത് 3859 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (4/11-12-2022) മറുപടി ലഭ്യമാക്കിയില്ല മരുന്നുകൾ ലഭ്യമാകുന്നതു വരെ 3859 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭ്യത വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>1-28 പഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ പൊതു ശൗചാലയം-അപാകതകൾ</u>

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് നമ്പർ	161/22
അടങ്കൽ	800268 (ആകെ 1400000)
ചെലവ്	437206(ആകെ 1036938)
ചെക്ക് നമ്പർ	819663/24/03/2022
കരാർ	8/AE/LSGD/APR/2019-20/24/07/2019
അളവ് പുസ്തകം	336/18-19,10/21-22, 4/21-22

1. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയില്ല- കരാറുകാരന്റെ ഫൈനൽ ബിൽ നൽകി

പഞ്ചായത്തിന്റെ വിവിധ പൊതുസ്ഥാപനങ്ങളിൽ ശൗചാലയം നിർമ്മിക്കുന്നതിന് 1400000/- രൂപ അടങ്കലിൽ 2018-19 വർഷം പ്രോജക്ട് തയ്യാറാക്കി. കരിപ്പൂത്തട്ട് പി എച്ച് സി, മെഡിക്കൽ കോളേജ് GVHSS, ജ്ഞാനോദയം സ്കൂൾ, സദ്ഗമയ സ്പെഷ്യൽ സ്കൂൾ, ചൂരക്കാവ് കളിസ്ഥലം, വെറ്ററിനറി ആശുപത്രി എന്നിവിടങ്ങളിൽ ടോയ് ലെറ്റ് നിർമ്മാണത്തിനുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഇ ടെണ്ടറിലൂടെ 1393693 രൂപ ക്വോട്ട് ചെയ്ത മിഥുൻ മാത്യു എന്ന കരാറുകാരൻ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി കരാറിൽ എർപ്പെട്ടു. 2018-19 വർഷം പ്രവൃത്തി യഥാസമയം പൂർത്തികരിക്കാഞ്ഞതിനാൽ തുടർവർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തി ഭാഗികമായി നടത്തി 2019-20 വർഷം 599732/- രൂപയുടെ പാർട്ട് ബില്ലും 2021-22വർഷം 1036938 രൂപയുടെ ഫൈനൽ ബില്ലും സമർപ്പിച്ചു. എന്നാൽ വെറ്ററിനറി ആശുപത്രിയിൽ ശൗചാലയം നിർമ്മിക്കാനുള്ള ഇനങ്ങൾ ചെയ്യാതെയാണ് പ്രവൃർത്തി ക്ലോസ് ചെയ്ത് ഫൈനൽ ബിൽ നൽകിയത്. അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളും അളവിലും നിർവ്വഹിക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. എസ്റ്റിമേറ്റ് പുതുക്കാതെയും കരാർ പ്രകാരമുള്ള ഇനങ്ങൾ നിർവ്വഹിക്കാതെയും ഫൈനൽ പേയ്മെന്റ് നടത്തിയത് കരാർ ലംഘനമാണ്.

2.പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല

പ്രോജക്ടിന്റെ കരാർ രേഖയിൽ പ്രവൃത്തി പൂർത്തീകരണകാലയളവ് എട്ട് മാസമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24/07/2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തി 23/03/20ൽ പൂർത്തികരിക്കേണ്ടതാണ്. എന്നാൽ അളവുപുസ്തകം (10/21-22) പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 26/11/21 ൽ ആണ്. ജിഒ(പി)13/PWD/ 1-2-2012 പ്രകാരമുള്ള 2012ലെ പുതുക്കിയ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112 പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ 1% തുക മാത്രമാണ് ഫൈൻ ഈടാക്കിയിരിക്കുന്നത് .

3.ചൂരക്കാവ് കളിസ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ടോയ് ലെറ്റിൽ നിലവിൽ വെള്ളം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പിടുത്തിയിട്ടില്ല എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ജലലഭ്യത ഉറപ്പാക്കത്തതിനാൽ നിലവിൽ ടോയ് ലെറ്റ് ഉപയോഗശൂന്യമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (34/05.12.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 437206/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 സ്ത്രീ പദവി പഠനം- തുടർനടപടികൾ കൈക്കൊള്ളു ന്നതിൽ കാലതാമസം

പ്രോജക്ട്	192/22
വകയിരുത്തൽ-ഫണ്ടിനം	100000(വികസനഫണ്ട്) 76490(തനതുഫണ്ട്)
ചെലവ്	100000(വികസനഫണ്ട്) 76490(തനതുഫണ്ട്
ബിൽ നം.	303/25.02.2022 -11000/- 161/17.11.2021 -89000/- 404/25.03.2022 76490
നിർവ്വഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി

ആർപ്പൂക്കര പഞ്ചായത്ത് സഖി വുമൺ റിസോഴ്സ് സെന്ററുമായി സഹകരിച്ച് നടപ്പിലാക്കിയ സ്ത്രീ പദവി പഠനം എന്ന പ്രോജക്ട് പഞ്ചായത്ത് സ്ത്രീ സൗഹൃദമാക്കി മാറ്റുന്നതിനും, സ്ത്രീകളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിനും അതിലൂടെ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമാക്കിയുള്ളതാണ്. പ്രസ്തുത പ്രോജക്ടിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന

ചുവടെ സൂചിപ്പിയ്ക്കുന്ന വിഷയങ്ങളുടെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/13.12.22) മറുപടി നൽകിയിട്ടില്ല.

1.തൊഴിൽ മേഖല

2.സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ

3.അറിവ് നേടൽ

4.പൊതുരംഗത്തെ സ്ത്രീപങ്കാളിത്തം

.5ആരോഗ്യം

6.വിദ്യാഭ്യാസം

വൻ തുക ചെലവഴിച്ച് നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കണമെങ്കിൽ മേൽ സൂചിത വിഷയങ്ങളിൻ മേൽ പ്രാവർത്തിക തലത്തിൽ നടപടികൾ സ്വീകരിയേ്ക്കണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-30 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- പൂർത്തീകരണ വിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ വലിക്കൽ പദ്ധതിക്കായി നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക അടവാക്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് ഏർപ്പെട്ട കരാറിൽ പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമനം	പ്രോജക്ട്	തുക ഡെപ്പോസിറ്റ്ചെയ്തിട്ടുള്ള സ്ഥാപനം	കൈമാറിയ തുക	ഫണ്ട്	ബിൽ നമ്പർ
1.	234/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	കെ എസ് ഇ ബി	399561	വികസനഫണ്ട്	ബിൽ നമ്പർ 261/08/02/22-83426 ബിൽ നമ്പർ 262/08/02/22-69809 ബിൽ നമ്പർ 289/22/02/22-58041 ബിൽ നമ്പർ 261/08/02/22-83426 ബിൽ നമ്പർ 323/10/03/22-121143 ബിൽ നമ്പർ 400/24/03/22-67142
2	131/22 സ്ട്രീറ്റ് ലൈൻ വലിക്കൽ	കെ എസ് ഇ ബി	126684	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ബിൽ നമ്പർ 239/21/01/22
	ആകെ		526245		

പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയുമായി ഏർപ്പെട്ട കരാറിൽ പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(3/11.12.2022) പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചു. പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെ ചെലവഴിച്ച 526245/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്റ്റ്	157/22 സുജലം കോനാകരി തോട് ആഴം വർദ്ധിപ്പിക്കൽ
കരാറുകാരൻ	ജോസഫ് വർഗ്ഗീസ്
ചെലവ്	1266156
കരാർ	10/AE/Lsgd/ARP/19-20 24/07/2019
കരാർ തുക	1274643

പ്രോജക്ടിന്റെ സാങ്കേതികാനുമതി രേഖയിൽ പ്രവൃത്തി പൂർത്തീകരണകാലയളവ് അഞ്ച് മാസമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.24/07/2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തി 23/12/19ൽ പ്രവൃത്തി പൂർത്തികരിക്കേണ്ടതാണ്.എന്നാൽ അളവുപുസ്തകം (87/20-21) പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 15/03/21 ൽ ആണ്. ജിഒ(പി)13/PWD/ 1-2-2012 പ്രകാരമുള്ള 2012ലെ പുതുക്കിയ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112 പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുമില്ല കരാർ പുതുക്കിയിട്ടിയുമില്ല.

നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ നിശ്ചിത നിരക്കിൽ പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ തയ്യാറാക്കിയത് . വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (33/15.12.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 ലൈഫ് ഭവന പദ്ധതി - വായ്പ / വായ്പാ തിരിച്ചടവ് - അക്കൗണ്ടിംഗ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി വായ്പ / വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗിൽ അപാകതകളുള്ളതായി കാണുന്നു. 2021-22 ലെ സർക്കാർ ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള അലോട്ട്മെന്റുകളിൽ നിന്നും വായ്പ തിരിച്ചടവായി 968001 രൂപ സർക്കാർ ഈടാക്കിയിട്ടുണ്ടങ്കിലും മേൽ തുക പ്രോജക്ടുകൾ തയ്യാറാക്കി പഞ്ചായത്തിന്റെ ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	വാർഷിക ധനകാര്യപത്രിക പ്രകാരം	യഥാർത്ഥം(വായ്പ രജിസ്റ്റർ പ്രകാരം)
2020-21 മുന്നിരിപ്പ്	5298544	4614854
2021-22 വായ്പാ തുക	0	0
2021-22 വായ്പാ തിരിച്ചടവ്	0	968001

2021-22 നീക്കിയിരിപ്പ്	4614854	3646853

വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 വായ്പ നീക്കിയിരിപ്പുള്ള 4614854 യഥാർത്ഥ വായ്പ നീക്കിയിരിപ്പില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ക്രമീകരണം നടത്തിയ 683690/- രൂപയുടെ ആധികാരികത വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/14.12.2022) ലഭ്യമാക്കിയ മറുപടിയിൽ തിരിച്ചടവ് ശ്രദ്ധിക്കാതെ പോയതിനാലാണ് പ്രോജക്ടുകൾ ഉൾപ്പെടുത്താതിരുന്നതെന്ന് അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ തുടർ വാർഷിക ധനകാര്യപത്രികകളിൽ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-33 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ 241114 രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയും നികുതിവിഹിതങ്ങൾ അതാത് ശീർഷകങ്ങളിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കരിപ്പൂത്തട്ട് എസ് ബി ഐ യുടെ 38016893052നമ്പർ അക്കൗണ്ടിൽ 22/11/22 ൽ 241114രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം2/11.12.2022) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ സ്രോതസ്സിൽ കുറവ് ചെയ്ത നികുതി വിഹിതങ്ങൾ യഥാസമയം അടവാക്കാത്തതിന് അതാത് വകുപ്പിൽ നിന്ന് ഫൈൻ ചുമത്തുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

1-34 ഇ-ടെൻഡർ ഇനത്തിൽ നാളിതു വരെയുള്ള ടെൻഡർ ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ആയത് പഞ്ചായത്ത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1/11.12.22) മറുപടി ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇ-ടെൻഡർ ഫീസിനത്തിലുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ഗവ.എൽ.പി.എസ് ആർപ്പൂക്കരയിൽ ആണ്സിഎഫ്എൽറ്റി/ ഡി.സി.സി പ്രവർത്തിച്ചിരുന്നത്.ഗ്രാമപഞ്ചായത്തിൽ സ.ഉ (സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം സിഎഫ് എൽ റ്റി സിനടത്തിപ്പിനായി**പതിമൂന്ന് ലക്ഷം**രൂപ രൂപ 2021-22 വർഷം വരെ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിരുന്നു. **100,000** രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA)നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ശേഷിയ്ക്കുന്ന തുക റീഫണ്ട്

ചെയ്യാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മാലിന്യ സംസ്കരണം,ട്രാൻസ്പോട്ടേഷൻ, കുടിവെള്ളം, സ്റ്റേഷനറി (മെഡിക്കൽ ഉൾപ്പെടെ) , മൊബൈൽ ഫോൺ ചാർജിങ്ങ്, ക്ലീനിംഗ് & റിപ്പയർ, ഭക്ഷണം, ഹോണറേറിയം വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചത്. എന്നാൽ 9/11.12.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യത വ്യക്തമല്ല. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

1-36 മൽസ്യകൃഷി - ഇൻഷ്വർ ചെയ്യതിന്റെ രേഖകൾ ലഭ്യമായില്ല.

പ്രോജക്ട് നമ്പർ	244/22
പ്രോജക്ടിന്റെ പേര്	വീട്ടുവളപ്പിലെ മൽസ്യകൃഷി പടുതാക്കുളം നിർമ്മാണം
അടങ്കൽ തുക	369000(പദ്ധതി വിഹിതം)
ചെലവ്	98320/-
ബിൽ നമ്പർ , തീയതി	98320/-(Bill No-1/26.03.2022)

സുഭിക്ഷ കേരളം പദ്ധതി പ്രകാരം മൽസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്റ്റ്. ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-2022 വർഷം വീട്ടുവളപ്പിലെ 'മൽസ്യകൃഷി പടുതാക്കുളം നിർമ്മാണം' എന്ന പ്രോജക്ട് നടപ്പാക്കുകയും 3 ഗുണഭോക്താക്കൾക്ക് രണ്ട് ഗഡുക്കളായി ആനുകൂല്യം നൽകുകയും ചെയ്യിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ, സ.ഉ. (സാധാ) നം. 1009/2020/ത.സ്വ.ഭ.വ / തീയതി : 29.05.2020, സർക്കുലർ നമ്പർ -ആർ.സി.3/293/2020/ ത.സ്വ.ഭ.വ / തീയതി: 12.10.2020, ഖണ്ഡിക-8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ് . ടി പദ്ധതിയിലെ ഗുണഭോക്താക്കൾ നടത്തിയ മത്സ്യകൃഷി ഇൻഷ്വർ ചെയ്യിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ , ട്രഷറിയിൽ സമർപ്പിച്ച ബില്ലിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/13.12.22) മറുപടി നൽകിയിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 98320/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 എം ബുക്കുകളുടെ പരിപാലനത്തിലെ അപാകത

പഞ്ചായത്ത് ഓഫീസിലെ എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ, ബുക്കുകളുടെ ലഭ്യത, വിനിയോഗം വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ ചേർക്കുന്നതിന് പകരം, അച്ചടിച്ച് ലഭിക്കുന്ന എം ബുക്കുകൾ സ്റ്റോക്കിലെടുക്കുന്നതിന് ഒരു കോമൺ സ്റ്റോക്ക് രജിസ്റ്ററാണ് സൂക്ഷിയ്ക്കുന്നത്. അസി.എഞ്ചിനീയറുടെ സ്റ്റോക്ക് രജിസ്റ്ററിൽ പഞ്ചായത്ത് ലഭ്യമാക്കിയ എം ബുക്കുകളുടെ എണ്ണത്തിൽ കൃത്യത ഇല്ല. ഓരോ ഇനത്തിലും മുൻബാക്കിയടക്കം ആകെ നീക്കിയിരിപ്പ് എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ഒരു രജിസ്റ്ററിൽ മാത്രമായി ചേർത്ത്, രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-38 ആസ്തി പരിപാലനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് &മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും(AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ

നടത്തിയിട്ടില്ലാത്തതായി കാണുന്നു.
കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ്(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു റോഡ് നിർമ്മാണപ്രവൃത്തിയിലെ പ്രോജക്ട് ഫയലിലും ഇത്തരത്തിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി 2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 48000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയെങ്കിലും (പ്രോജക്ട് നം.225/22) തൻവർഷം തുക ചെലവഴിച്ചിട്ടില്ല. നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2021-22	07.05.2022	08.12.2022

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	500000	ലൈഫ് മിഷൻ – ജനറൽ	500000	०

	240000	ലൈഫ് മിഷൻ – എസ് സി	240000	൦
	53300	ലൈഫ് മിഷൻ – എസ് റ്റി	53300	0
	306022	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും അലവൻസും ഉല്ലാസയാത്രയും	306022	0
ആകെ	1099322		1099322	
ജില്ലാ പഞ്ചായത്ത്	460000	ലൈഫ് മിഷൻ – ജനറൽ	460000	0
	1520000	ലൈഫ് മിഷൻ – എസ് സി	1520000	0
	160000	ലൈഫ് മിഷൻ – എസ് റ്റി	160000	0
	381624	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും അലവൻസും ഉല്ലാസയാത്രയും	381624	0
	1000000	സുജലം കോനാകിരി തോട് ആഴം വർധിപ്പിക്കൽ സംയുക്ത പ്രോജക്ട്	1000000	൦
ആകെ	3521624		3521624	

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

	നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1	കെ.എസ്.ഇ.ബി	വിവിധ വാർഡുകളിലെ കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റിംഗ് 141/21-22	22320	22320	0
2	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ വലിക്കൽ 234/21-22	399561	272877	126684
3	കെ.എസ്.ഇ.ബി	പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ 131/21-22	410000	410000	0
	ആകെ		**831881**	705197	126684

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ് (വായ്പ രജിസ്റ്റർ പ്രകാരം)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ്നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക മുതൽ	തൻവർഷം തിരിച്ചടച്ച തുക പലിശ	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ് 68/2018 തസ്വഭവ തീ 18-5-2018	4614854	-	968001	-	3646853

വായ്പയുമായി ബന്ധപ്പെട്ട വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.വായ്പ രജിസ്റ്റർ,ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, 29/14.12.22 ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലാണ് ഖണ്ഡിക തയ്യാറാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ഖണ്ഡിക 1-32 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	2000000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	2000000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	2000000

31.03.2022-തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുള്ള 2000000 രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	നിക്ഷേപിച്ച തീയതി	തുക (രൂപ)	ബാങ്ക്/ട്രഷറി	കാലാവധി
0120000008156	27.01.2022	2000000	ആർപ്പൂക്കര സർവ്വീസ് സഹകരണബാങ്ക്	27.01.2023

സ്ഥിരനിക്ഷേപത്തിന്റെ പലിശ ഇനത്തിൽ ലഭിച്ച 135,000/- രൂപ തനത് ഫണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 74951/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രസീത് നമ്പർ തീയതി
2004-05	ഖണ്ഡിക 2-2	257/-	ബോബി ഈപ്പൻ	121420105140/27.10.2021
2019-20	തൊഴിൽ നികുതി	5040/-	സെന്റ് ജോസഫ് സി എം എസ്	121420106358/17.11.2021

	1-12		സ്കൂൾ	
2019-20	തൊഴിൽ നികുതി 1-12	7188/-	റൂറൽ ഹൗസിംഗ് സൊസൈറ്റി കോർപറേഷൻ	121420108189/23.12.2021
2004-05	ഖണ്ഡിക 3-2	600/-	റൂറൽ ഹൗസിംഗ് സൊസൈറ്റി കോർപറേഷൻ	121420108276/28.12.2021
2006-07	ഖണ്ഡിക 2-1 ബി	720/-	ഡി സി എച്ച്	121420108303/29.12.2021
2006-07	ഖണ്ഡിക 2-1 ബി	720/-	ഡോക്ടേർസ് ഡയഗണോസ്റ്റിക് സെന്റർ	121420108304/29.12.2021
2006-07	ഖണ്ഡിക 2-1 സി	450/-	സലിം ഗോപാൽ	121420108345/30.12.2021
2005-06	3-12	6056/-	എം കെ ശോഭന	121420108345/31.12.2021
2020-21	1-19	4127/-	മേരി ചെറിയാൻ	121420108891/13.01.2022
2019-20	1-14	9413/-	ജോസഫ് ആലുംചിറ	121420110135/16.02.2022
2019-20	1-12 തൊഴിൽ നികുതി	5000	ഐഷ കെ എസ് റ്റി എസ് നം 41	121420111346/14.03.2022
2019-20	1-12 തൊഴിൽ നികുതി	1440	ഐഷ കെ എസ് റ്റി എസ് നം 41	121420111345/14.03.2022
2020-21	1-12 തൊഴിൽ നികുതി	5360/-	കെ വി രാമചന്ദ്രൻ റ്റി എസ് നം 48	121420111927/24.03.2022
2020-21	1-12 തൊഴിൽ നികുതി	8580/-	റ്റി എസ് നം 52	121420111743/21.03.2022
2019-20	1-14	20000/-	പ്രീതി സി ,ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ	121420112132/31.03.2022

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	35	2002-03	5-4(1)	പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
	38	2002-03	5-4(2)	പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.	

	പ്രവർത്തനാവലോകനങ്ങൾ	2011-2012		ശിശുക്ഷേമ പദ്ധതികളും അംഗൻവാടികളും	ലോക്കൽഫണ്ട് അക്കൗണ്ട്സ കമ്മിറ്റിയുടെ പരിഗണനയിലാണ്.
2014-2015	അനുബന്ധം 3	2016-17	2-2	വസ്തുനികുതി	ലോക്കൽഫണ്ട് അക്കൗണ്ട്സ കമ്മിറ്റിയുടെ പരിഗണനയിലാണ്.
2014-2015	അനുബന്ധം 4	2016-17	2-4,2-5	തൊഴിൽനികുതി	ലോക്കൽഫണ്ട് അക്കൗണ്ട്സ കമ്മിറ്റിയുടെ പരിഗണനയിലാണ്.
2015-2016	അനുബന്ധം 5	2016-17	2-2-2,2-2-3	തൊഴിൽനികുതി	ലോക്കൽഫണ്ട് അക്കൗണ്ട്സ കമ്മിറ്റിയുടെ പരിഗണനയിലാണ്.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	88448398.94
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	70026409
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2258766

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	15000	മനോജ് ചന്ദ്രൻ, സെക്രട്ടറി
1-18	38859	മനോജ് ചന്ദ്രൻ, സെക്രട്ടറി
1-19	47602	മനോജ് ചന്ദ്രൻ, സെക്രട്ടറി
1-20	619565	അഹന മനോഹർ, അസിസ്റ്റന്റ് എഞ്ചിനിയർ
1-23	420012	അജിത് ജേക്കബ്, അസി.എഞ്ചിനീയർ
1-24	30000	മനോജ് ചന്ദ്രൻ,സെക്രട്ടറി

1-26	22098	റോസിലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-27	3859	മനോജ് ചന്ദ്രൻ, സെക്രട്ടറി
1-28	437206	അഹന മനോഹർ, അസിസ്റ്റന്റ് എഞ്ചിനിയർ
1-30	526245	മനോജ് ചന്ദ്രൻ, സെക്രട്ടറി
1-36	98320	പ്രീതി.സി, ഫിഷറീസ് സബ് ഇൻസ്പെക്ടർ
ആകെ	2258766	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 2021-22 വർഷം വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765/22/02.08.2022	4
2000-01	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765/22/02.08.2022	3
2001-02	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765/22/02.08.2022	3
2002-03(ചെലവ്)	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765(4)/22/02.08.2022	2
2004-05	കെ.എസ്.എ.-കെ.ടി.എം.പി9/ അദാ.22/1764/21/02.08.2022	1
2008-09	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(4)/22/02.08.2022	2
2009-10	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(5)/22/02.08.2022	1
2010-11 & 2011-12	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(6)/22/02.08.2022	2

2012-13	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(7)/22/02.08.2022	3
2013-14	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(1)/22/02.08.2022	3
2014-15	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(2)/22/02.08.2022	6
2015-16	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(3)/22/02.08.2022	4
2016-17	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(4)/22/30.08.2022	9
2017-18	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(5)/22/25.08.2022	13
2018-19	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(6)/22/30.08.2022	8
2019-20	കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(7)/22/30.08.2022	8
2020-21	കെ.എസ്.എ.-കെ.ടി.എം.പി9/1285/22/08.08.22	15

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്